**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1434** **30-08-2022 - ൽ മറുപടിയ്ക്ക്**

**വാണിയംകുളം ഐ.ടി.ഐ. യുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഷൊർണ്ണൂർ മണ്ഡലത്തിലെ വാണിയംകുളം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഐ.ടി.ഐ. യുടെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | **(എ)** വാണിയംകുളം സർക്കാർ ഐ.ടി.ഐയിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. ഐ.ടി.ഐയുടെ കൂടുതൽ വികസനത്തിനായി ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് കമ്മിറ്റി (IMC) രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഐ.ടി.ഐ ഇ-ഓഫീസ് സംവിധാനത്തിലേക്ക് മാറ്റുന്ന പദ്ധതി നടന്നു വരുന്നു. |
| (ബി) | പുതിയ കാലഘട്ടത്തിനനുസരിച്ച് വാണിയംകുളം ഐ.ടി.ഐ. യ്ക്ക് പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; പ്രസ്തുത ഐ.ടി.ഐ. യ്ക്ക് സ്വന്തമായി എത്ര സെന്റ് സ്ഥലം സ്വന്തമായിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | **(ബി)** വാണിയംകുളം ഐ.ടി.ഐയിൽ സോളാർ ടെക്നീഷ്യൻ, മെക്കാനിക് മോട്ടോർ വെഹിക്കിൾ, ഡ്രസ്സ്മേക്കിംഗ് എന്നീ 3 ട്രേഡുകൾ ആരംഭിക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്. ടി ഐ.ടി.ഐയ്ക്കായി 1.06 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ട്. 3 സെന്റ് സ്ഥലം ഗ്രാമപഞ്ചായത്തിന്റെ ക്ലസ്റ്ററിനായി നീക്കിവച്ചിട്ടുണ്ട്. ബാക്കി 1.03 ഏക്കർ സ്ഥലം സ്വന്തമായുണ്ട്. |

സെക്ഷൻ ഓഫീസർ